**"ഭരണ ഭാഷ – മാതൃഭാഷ"**

# ഇൻഫർമേഷൻ കേരളാ മിഷൻ

പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം, തിരുവനന്തപുരം – 695 033

## 10.02.2022 ന് 12.00 മണിക്ക് വീഡിയോ കോൺഫറൻസ് വഴി (Zoom VC) ഓൺലൈനായി നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 5–ാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**യോഗത്തിൽ ഓൺലൈനായി പങ്കെടുത്തവർ**

| ക്രമ നമ്പർ | പേര് | സ്ഥാനം |
|---|---|---|
| 1 | ശ്രീ എം.വി. ഗോവിന്ദൻ മാസ്റ്റർ, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി | **ചെയർമാൻ** |
| 2 | ശ്രീമതി ശാരദാ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | **വൈസ് ചെയർപേഴ്സൺ** |
| 3 | അഡ്വ. എം. അനിൽ കുമാർ, പ്രസിഡന്റ്, മേയേഴ്സ് കൌൺസിൽ | **മെമ്പർ** |
| 4 | ശ്രീ എം.കൃഷ്ണദാസ്, ചെയർമാൻ, മുനിസിപ്പൽ ചെയർമെൻ ചേംബർ | **മെമ്പർ** |
| 5 | ശ്രീ ബി.പി. മുരളി, പ്രസിഡന്റ്, കേരള ബ്ലോക്ക്പഞ്ചായത്ത് അസോസിയേഷൻ. | **മെമ്പർ** |
| 6 | ഡോ. രേണുരാജ് ഐഎഎസ്, നഗരകാര്യ ഡയറക്ടർ | **മെമ്പർ** |
| 7 | ഡോ. ജോയ് ഇളമൺ, ഡയറക്ടർ, കില | **മെമ്പർ** |
| 8 | ശ്രീ ജോൺ എം തോമസ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ടെക്നോപ്പാർക്ക് | **മെമ്പർ** |
| 9 | ശ്രീ അനിൽമാർ. എം, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് | **മെമ്പർ** |
| 10 | ഡോ. വാസുദേവൻ എ.ആർ, അസിസ്റ്റന്റ് പ്രൊഫസർ, കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് | **മെമ്പർ** |
| 11 | ശ്രീ അജിത് ബ്രഹ്മാനന്ദൻ, സീനിയർ ടെക്നിക്കൽ ഡയറക്ടർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, തിരുവനന്തപുരം. | **മെമ്പർ** |
| 12 | ശ്രീ വി.എസ്. സന്തോഷ്കുമാർ, അഡീഷണൽ ഡെവലപ്പ്മെന്റ് കമ്മീഷണർ, ഗ്രാമ വികസന കമ്മീഷണറേറ്റ് | **മെമ്പർ** |
| 13 | ശ്രീമതി ജോസ്നമോൾ, ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ് | **മെമ്പർ** |
| 14 | ശ്രീ ജഹാംഗീർ .എസ്, പ്രോഗ്രാം ഓഫീസർ (അർബൻ), കുടുംബശ്രീ. | **മെമ്പർ** |
| 15 | ശ്രീ കെ. പ്രേംകുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ | **മെമ്പർ സെക്രട്ടറി** |

**അജണ്ട–1**

**വിഷയം: നാലാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് സ്ഥിരീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

06.11.2020–ന് ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി & ഗവേണിംഗ് ബോഡി ചെയർമാന്റെ അദ്ധ്യക്ഷതയിൽ ഓൺലൈനായി കൂടിയ ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 4–ാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ് ചർച്ചകൾക്ക് ശേഷം സ്ഥിരീകരിച്ചു.

**അജണ്ട–2**

**വിഷയം: നാലാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് പ്രകാരം സ്വീകരിച്ച അനന്തര നടപടികൾ സംബന്ധിച്ച്.**

നാലാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സിന്മേൽ സ്വീകരിച്ച അനന്തര നടപടികൾ എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ വിശദീകരിക്കുകയും, ആയത് കമ്മിറ്റി ചർച്ച ചെയ്ത് റെക്കോഡാക്കി.

**അജണ്ട–3**

**വിഷയം: കഴിഞ്ഞ ഗവേണിംഗ് ബോഡിക്ക് (06.11.2020) ശേഷം ഐ.കെ.എം ചെയ്ത പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

പ്രവർത്തന റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഓരോ ആപ്ലിക്കേഷനിലും ഈ കാലയളവിൽ ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ വിശദീകരിക്കുകയും, ആയത് കമ്മിറ്റി ചർച്ച ചെയ്ത് റെക്കോഡാക്കുകയും ചെയ്തു.

788 ഗ്രാമപഞ്ചായത്തുകളിൽ 6 മാസത്തിനുള്ളിൽ ഐ.എൽ.ജി.എം.എസ് നടപ്പിലാക്കുന്ന കാര്യം കഴിഞ്ഞ ഗവേണിംഗ് ബോഡി യോഗത്തിൽ (06.11.2020) തീരുമാനിച്ചിരുന്നതായി ചെയർമാൻ (ബഹു.തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രി) യോഗത്തിൽ ചൂണ്ടിക്കാട്ടി. 156 ഗ്രാമപഞ്ചായത്തുകളിൽ 2021 സെപ്റ്റംബറിൽ നടപ്പിലാക്കി. ബാക്കിയുള്ള ഗ്രാമപഞ്ചായത്തുകളിൽ ഏപ്രിൽ 2022 ലാണ് പൂർത്തീകരണം. ഇങ്ങനെയുള്ള വൈകൽ ഉണ്ടാകാതെ ശ്രദ്ധിക്കണമെന്ന് ചെയർമാൻ യോഗത്തിൽ ആവശ്യപ്പെട്ടു.

വിനോദ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ടുള്ള കോടതി വ്യവഹാരങ്ങൾ ഉണ്ടെങ്കിൽ ഗവൺമെന്റ് പ്ലീഡറെ ഉൾപ്പെടുത്തി അടിയന്തിരമായി അവസാനിപ്പിക്കണം. വിനോദ നികുതി ഇളവുകൾ അവസാനിക്കുന്ന മുറയ്ക്ക് സോഫ്റ്റ് വെയർ വിന്യസിക്കാൻ തയ്യാറാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

പ്രോപ്പർട്ടി ടാക്സിൽ 2000 കോടി രൂപ വാർഷിക ഡിമാന്റ് ഉള്ളതിൽ ഏകദേശം 100 കോടി രൂപ മാത്രമാണ് ഇപ്പോഴും ഇ–പേയ്മെന്റ് വഴി ഓൺലൈനായി അടയ്ക്കുന്നത് എന്നും, 10 ലക്ഷം പേർ മാത്രമേ ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നുള്ളൂ എന്നും എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. പ്രോപ്പർട്ടി ടാക്സ് ഇ–പേയ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഓൺലൈൻ പേയ്മെന്റ് സംവിധാനം

പ്രോത്സാഹിപ്പിക്കേണ്ടതാണെന്ന് ചെയർമാൻ യോഗത്തിൽ അറിയിച്ചു. ആയതിന് എന്തെങ്കിലും ഇളവുകൾ നൽകുന്ന കാര്യത്തിൽ ഒരു പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിന് നൽകുന്നതിന് ചെയർമാൻ നിർദേശിച്ചു.

**അജണ്ട–4**

**വിഷയം: 2019–20 സാമ്പത്തിക വർഷത്തെ ആഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, വരവ്, ചെലവ് കണക്ക് എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

2019–20 സാമ്പത്തിക വർഷത്തെ ആഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, വരവ്, ചെലവ് കണക്ക്, ആഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായ ആഡിറ്റർമാരുടെ റിമാർക്സിനുള്ള മറുപടി ഐ.കെ.എമ്മിന്റെ അഭിപ്രായകുറിപ്പ് എന്നിവ അംഗീകരിച്ചു.

**അജണ്ട–5**

**വിഷയം: 2021–2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

എക്സിക്യൂട്ടിവ് കമ്മിറ്റി അംഗീകരിച്ച 2021–22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ഗവേണിംഗ് ബോഡി അംഗീകരിച്ചു. അടുത്ത സാമ്പത്തിക വർഷത്തെ (2022–2023) ബഡ്ജറ്റ് 2022 മാർച്ചിൽ തന്നെ ഗവേണിംഗ് ബോഡിയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അദ്ധ്യക്ഷൻ നിർദ്ദേശിച്ചു.

ഐ.കെ.എം ഒരുപാട് നല്ല സേവനങ്ങൾ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നൽകുന്നുണ്ട് എന്ന് മേയേഴ്സ് കൗൺസിൽ പ്രസിഡന്റ് അഭിപ്രായപ്പെട്ടു. കൊച്ചി സ്മാർട്ട് സിറ്റി പ്രോജക്ടുമായി ബന്ധപ്പെട്ടുള്ള ഐ.ടി. അനുബന്ധമായ ഫണ്ട് ഉപയോഗിച്ച് ഐ.കെ.എമ്മിനെ മുൻനിർത്തി കൊച്ചി കോർപ്പറേഷന് വേണ്ടി ഒരു ഡി.പി.ആർ തയ്യാറാക്കി നൽകുന്നത് ഉചിമായിരിക്കുമെന്ന് നിർദ്ദേശിച്ചു. അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു സമഗ്രമായ പ്രോജക്ട് നടപ്പിലാക്കാൻ കഴിയും എന്നും മേയേഴ്സ് കൗൺസിൽ പ്രസിഡന്റ് യോഗത്തിൽ അറിയിച്ചു. ഐ.കെ.എമ്മിന്റെ സോഫ്റ്റ്‌വെയറുകളിൽ ഉള്ളവയിൽ നിന്ന് അധികമായി കൊച്ചി കോർപ്പറേഷനു വേണ്ടി വരുന്നവ സംബന്ധിച്ച് ഒരു സമഗ്രമായ പ്രോജക്ട് തയ്യാറാക്കാൻ ചെയർമാൻ (ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) നിർദേശിച്ചു.

ഐ.കെ.എമ്മിൽ ഡേറ്റാ മാനേജ്മെന്റുമായി ബന്ധപ്പെട്ട് ഒരു തസ്തിക പോലും ഇല്ല എന്ന് കില ഡയറക്ടർ ജനറൽ യോഗത്തിൽ അറിയിച്ചു. എന്നാലും ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും ആവശ്യപ്പെടുമ്പോൾ ഐ.കെ.എം ഡേറ്റ ലഭ്യമാക്കുന്നുണ്ടെന്ന് കില ഡയറക്ടർ യോഗത്തിൽ അഭിപ്രായപ്പെട്ടു. ഭാവിയിൽ ഡാറ്റാ കൈകാര്യം ചെയ്യുന്നതിന് സ്റ്റാറ്റിസ്റ്റിക്സ്, ഡെമോഗ്രാഫി എന്നിവയിൽ പ്രാവീണ്യമുള്ളവരുടെ ഒരു തസ്തിക ഐ.കെ.എമ്മിൽ ആവശ്യമാണ്. അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഡേറ്റാ മാനേജ്മെന്റ് ചെയ്യുന്നതിൽ വൈദഗ്ധ്യമുള്ളവരെ എടുക്കുന്നതുകൂടി ഉൾപ്പെടുത്തി തയ്യാറാക്കുന്നതിനും, നിലവിൽ ഐ.കെ.എമ്മിൽ ജീവനക്കാർ ഉണ്ടെങ്കിൽ അവരെ ഇതിനുവേണ്ടി പരിശീലിപ്പിച്ച് എടുക്കണം എന്നും ചെയർമാൻ നിർദേശിച്ചു.

നഗരസഭകളുടെ പ്രൊഫഷൻ ടാക്സ് കൈകാര്യം ചെയ്യുന്ന ഐ.ഐ.ഐ.റ്റി.എം.കെ യുടെ സോഫ്റ്റ്‌വെയറിലെ കണക്കുകൾ ഐ.കെ.എം സോഫ്റ്റ്‌വെയറുമായി ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാകണം എന്നും ജീവനക്കാരുടെ ട്രാൻസ്ഫർ

കൈകാര്യം ചെയ്യുന്ന സോഫ്റ്റ്‌വെയറിൽ പുതിയ സവിശേഷതകൾ ഉൾപ്പെടുത്തുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും ഐ.കെ.എം അത് ചെയ്തുവരുന്നുണ്ട് എന്നും നഗരകാര്യ ഡയറക്ടർ അറിയിച്ചു. ഐ.ഐ.ഐ.റ്റി.എം.കെ-ക്ക് വേണ്ട എ.പി.ഐ.യുടെ വിവരങ്ങൾ കൈമാറിയിട്ടുണ്ടെന്നും, അവർ അത് പൂർത്തീകരിക്കേണ്ടിയിരിക്കുന്നുവെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. ഐ.കെ.എമ്മിന് എന്തെങ്കിലും നൂതനമായ സോഫ്റ്റ്‌വെയർ ഇംപ്ലിമെന്റ് ചെയ്യാൻ ഉണ്ടെങ്കിൽ AMRUT പ്രോജക്റ്റുമായി ബന്ധപ്പെട്ട് Innovation grant പ്രയോജനപ്പെടുത്താം എന്നും നഗരകാര്യ ഡയറക്ടർ യോഗത്തിൽ അഭിപ്രായപ്പെട്ടു.

ഇനിമുതൽ ഇതുപോലുള്ള യോഗങ്ങൾ 3 മാസം കൂടുമ്പോൾ എങ്കിലും ചേരണമെന്ന് ചെയർമാൻ അറിയിച്ചു.

**തീരുമാനം**

**2021-2022 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു.**

**യോഗം 1.00 ന് അവസാനിച്ചു.**

കെ. പ്രേംകുമാർ
എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻഫർമേഷൻ കേരള മിഷൻ
**(മെമ്പർ സെക്രട്ടറി)**

ശാരദാ മുരളീധരൻ ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി
തദ്ദേശ സ്വംഭരണ വകുപ്പ്
**(വൈസ് ചെയർപേഴ്സൺ)**

എം.വി. ഗോവിന്ദൻ മാസ്റ്റർ
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി
**(ചെയർമാൻ)**